**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4350** **18-03-2025 - ൽ മറുപടിയ്ക്ക്**

**കേരള കശുവണ്ടി വികസന കോർപ്പറേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരള കശുവണ്ടി വികസന കോർപ്പറേഷൻ എത്ര കശുവണ്ടി ഫാക്ടറികളാണ് നടത്തുന്നത്; എത്ര ഫാക്ടറികളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്; ഏതൊക്കെ ഫാക്ടറികളാണ് നഷ്ടത്തിൽ പ്രവർത്തിക്കുന്നത്; കഴിഞ്ഞ വർഷത്തെ ലാഭം /നഷ്ടം കണക്കുകൾ ഉൾപ്പെടെ വിശദാംശം വ്യക്തമാക്കുമോ; | (എ) | കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ 30 ഫാക്ടറികളാണ് നടത്തുന്നത്. 1974 മുതൽ നഷ്ടത്തിലാണ് കശുവണ്ടി വികസന കോർപ്പറേഷൻ പ്രവർത്തിക്കുന്നത്. 2023-24 സാമ്പത്തിക വർഷത്തെ നഷ്ടം 10599.69 ലക്ഷമാണ് |
| (ബി) | മേൽപ്പറഞ്ഞ ഫാക്ടറികളിൽ ഏതൊക്കെ ഫാക്ടറികളാണ് കശുവണ്ടി കോർപ്പറേഷൻ വാടക അടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കുന്നത്; പ്രസ്തുത ഫാക്ടറികൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച നടപടികളുടെ നിലവിലെ സ്ഥിതി എന്താണ്; | (ബി) | കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ 20 ഫാക്ടറികളാണ് വാടക അടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കുന്നത്. പ്രസ്തുത ഫാക്ടറികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു<br><br>ടി ഫാക്ടറികൾ കേരള കാഷ്യൂ ഫാക്ടറീസ് അക്വിസിഷൻ (അമന്റ്മെന്റ്) ആക്ട് 2009 ന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. 22/01/2022 ലെ സ.ഉ(അച്ചടി) നം.1/2022/ID പ്രകാരം ടി ഫാക്ടറികൾ സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി 20 ഫാക്ടറികളിൽ 15 ഫാക്ടറി ഉടമകൾ കേരള കാഷ്യൂ ഫാക്ടറീസ് അക്വിസിഷൻ ആക്ട് 1974, കേരള കാഷ്യൂ ഫാക്ടറീസ് അക്വിസിഷൻ (അമന്റ്മെന്റ്) ആക്ട് 2009, 22/01/2022 ലെ ഗസറ്റ് നോട്ടിഫിക്കേഷൻ എന്നിവ ഭരണഘടന വിരുദ്ധമാണെന്നും, അസ്ഥിരപ്പെടുത്തണമെന്നും ഫാക്ടറികളുടെ ഉടമസ്ഥാവകാശം തിരികെ നൽകണമെന്നും ആവശ്യപ്പെട്ട് ബഹു.ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതും ടി കേസുകൾ നിലവിൽ ബഹു.ഹൈക്കോടതിയുടെ പരിഗണനയിലുമാണ് |
| (സി) | ഇതിനായി നടപ്പ് വർഷത്തെ ബജറ്റിൽ എത്ര തുക അനുവദിച്ചിട്ടുണ്ട്; 2025-26 ബജറ്റിൽ എത്ര തുക അനുവദിച്ചിട്ടുണ്ട്; ഏറ്റെടുക്കൽ നടപടികൾ അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ബഹു.ഹൈക്കോടതിയുടെ പരിഗണനയിലുള്ള കേസുകളുടെ അന്തിമ തീർപ്പിന് വിധേയമായി ഇക്കാര്യത്തിൽ സർക്കാർ തുടർ നടപടികൾ സ്വീകരിക്കും |

സെക്ഷൻ ഓഫീസർ

അനുബന്ധം

**കേരള കശുവണ്ടി വികസന കോർപ്പറേഷൻ വാടക അടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കുന്ന ഫാക്ടറികളുടെ വിവരം**

| ക്രമ നം | ഫാക്ടറി നമ്പരും പേരും |
|---|---|
| 1 | ഫാ.നം.4, കൃഷ്ണപുരം |
| 2 | ഫാ.നം.5, മൈനാഗപ്പള്ളി |
| 3 | ഫാ.നം.7, നൂറനാട് |
| 4 | ഫാ.നം.8, പുത്തൂർ |
| 5 | ഫാ.നം.9, കിളിമാനൂർ |
| 6 | ഫാ.നം.11, ഇടമുളയ്ക്കൽ |
| 7 | ഫാ.നം.12 ചാത്തന്നൂർ |
| 8 | ഫാ.നം.14, ഭരണിക്കാവ് |
| 9 | ഫാ.നം.16, ആദിനാട് |
| 10 | ഫാ.നം.20, ഇളംമ്പള്ളൂർ |
| 11 | ഫാ.നം.22, നെടുംമ്പായിക്കുളം |
| 12 | ഫാ.നം.24, കരിമുളയ്ക്കൽ |
| 13 | ഫാ.നം.26, തെറ്റിക്കുഴി |
| 14 | ഫാ.നം.27, ഇരവിപുരം |
| 15 | ഫാ.നം.28, പാരിപ്പള്ളി |
| 16 | ഫാ.നം.29 പരുത്തുംപാറ |
| 17 | ഫാ.നം.30, കുന്നത്തൂർ |
| 18 | ഫാ.നം.32, കാഞ്ഞാംകാട് |
| 19 | ഫാ.നം.33, കടക്കൽ |
| 20 | ഫാ.നം.34, ചെങ്ങമനാട് |

സെക്ഷൻ ഓഫീസർ